## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 532 | 29.6.2011-ൽ മറുപടിക്ക് |
|---|---|

### പുനലൂർ താലൂക്ക് ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാജു | അഡ്വ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) പരിസ്ഥിതി-സൗഹൃദ ആശുപത്രിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | എ) പരിസ്ഥിതി-സൗഹൃദ ആശുപത്രിയിൽ ഉൾപ്പെടുത്തിയ കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കാശുപത്രിയിൽ പരിസ്ഥിതി സൗഹൃദ കെട്ടിടം പണിയുവാൻ ബി.എസ്.എൻ.എൽ സിവിൽ വിംഗ് തയ്യാറാക്കിയ പദ്ധതിപ്രകാരം 19/1/2011 -ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ളോർ ഉൾപ്പെടെ നാലു നിലകളുള്ള കെട്ടിടത്തിന് 8,66,62,800/- രൂപ (എട്ടു കോടി അറുപത്തിയാറു ലക്ഷത്തി അറുപത്തി രണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം)-യുടെ അനുമതി നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ തറക്കല്ലിടൽ 21/2/2011 -ൽ നടന്നു. ബി.എസ്.എൻ.എൽ സൈറ്റ് പ്ലാൻ തയ്യാറാക്കുകയും മണ്ണുപരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ